**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1523** **07-10-2021 - ൽ മറുപടിയ്ക്ക്**

**വിഴിഞ്ഞം തുറമുഖ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം വിൻസെൻറ് | | Shri Ahammad Devarkovil<br>(തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പ് മന്ത്രി) | |
| (എ) | വിഴിഞ്ഞം തുറമുഖ പദ്ധതി പൂർത്തിയാക്കാൻ മൂന്നുവർഷം കൂടി സമയം നൽകണമെന്ന് നിർമ്മാണകമ്പനി ആവശ്യപ്പെടാൻ ഇടയായ സാഹചര്യം എന്താണെന്ന് വ്യക്തമാക്കാമോ; | (എ) | 2015 ഡിസംബർ 5 ന് നിർമ്മാണം ആരംഭിച്ച വിഴിഞ്ഞം തുറമുഖത്തിന്റെ ഒന്നാം ഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ കരാർ പ്രകാരം പൂർത്തികരിക്കേ ണ്ടിയിരുന്നത് 2019 ഡിസംബർ 3 ന് ആയിരുന്നു. എന്നാൽ സമയബന്ധിതമായി തുറമുഖ നിർമ്മാണത്തി നാവശ്യമായ പാറ ലഭ്യമാക്കുവാൻ കരാർ കമ്പനിക്ക് കഴിയാതെ വന്ന സാഹചര്യത്തിൽ നിർണ്ണായക ഘടകമായ പുലിമുട്ടിന്റെ നിർമ്മാണം വൈകുകയും, അതുമൂലം നിശ്ചിത പൂർത്തീകരണ തീയതിക്കുള്ളിൽ പദ്ധതി പൂർത്തിയാക്കുവാൻ സാധിച്ചില്ല. കരാറിലെ ‘Force Majeure Events’ വ്യവസ്ഥകൾ ഉന്നയിച്ച് പദ്ധതി പൂർത്തീകരണത്തിന് 2019 ഡിസംബർ 3-ാം തീയതി മുതൽ 5 വർഷം നിർമ്മാണ കാലയളവായി നീട്ടി നൽകണമെന്ന് ‘Arbitration Tribunal’മുമ്പാകെ നിർമ്മാണ കമ്പനി അപേക്ഷിച്ചിട്ടുണ്ട്. |
| (ബി) | പദ്ധതിയുമായി ബന്ധപ്പെട്ട പല കരാർ വ്യവസ്ഥകളും പാലിച്ചില്ലെന്ന നിർമ്മാണ കമ്പനിയുടെ ആക്ഷേപത്തിന്റെ നിജസ്ഥിതി വ്യക്തമാക്കുമോ; | (ബി) | തുറമുഖത്തെ ദേശീയ റെയിൽ ശൃംഖലയുമായി ബന്ധിപ്പിച്ചുകൊണ്ടുള്ള റെയിൽ ലൈൻ നിർമ്മിച്ചു നൽകേണ്ടത് അതോറിറ്റിയുടെ (സർക്കാരിന്റെ) ചുമതലയായിട്ടാണ് കരാറിൽ നിഷ്കർഷിച്ചിട്ടുള്ളത്. പദ്ധതിയുടെ Appointed Date ആയ 16.05.2016-ൽ നിന്നുള്ള 6 വർഷത്തിനുള്ളിൽ തുറമുഖത്തേക്കുള്ള റെയിൽ കണക്ടിവിറ്റി ജോലികൾ പൂർത്തീകരിച്ചു നൽകേണ്ടതാണ്. റെയിൽ കണക്ടിവിറ്റിക്കായി കൊങ്കൺ റെയിൽവേ കമ്പനി ലിമിറ്റഡ് (KRCL) മുഖേന തയ്യാറാക്കിയ DPR, Railway യുടെ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുകയാണ്. തുറമുഖത്തെ നാഷണൽ ഹൈവേയുമായി ബന്ധിപ്പിക്കുന്ന റോഡിന്റെ നിർമ്മാണം കരാർ കമ്പനിയുടെ ചുമതലയാണ്. ഇതിനുള്ള ഭൂമി കരാർ കമ്പനിക്ക് കൈമാറിയിട്ടുണ്ട്. തുറമുഖ റോഡ് - NH Bypass -മായി ബന്ധിപ്പിക്കുന്ന Intersection -നായി അദാനി സമർപ്പിച്ച രൂപ രേഖ 2021 ജൂലൈ |

| | | | |
|---|---|---|---|
| | | | മാസത്തിൽ NHAI അംഗീകരിക്കുകയുണ്ടായി. ടി രൂപരേഖ പ്രകാരം ഏകദേശം 42 സെൻറ് ഭൂമി കൂടി അധികമായി ഏറ്റെടുക്കേണ്ടതായിട്ടുണ്ട്. ഇതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) | റെയിൽ, റോഡ് കണക്ടിവിറ്റി എന്നീ കാര്യങ്ങളിൽ ഏതൊക്കെ കരാർ വ്യവസ്ഥകളാണ് പാലിക്കാതിരുന്നതെന്നും ആയതിനുള്ള സാഹചര്യമെന്തെന്നും വ്യക്തമാക്കുമോ? | (സി) | തുറമുഖത്തെ ദേശീയ റെയിൽ ശൃംഖലയുമായി ബന്ധിപ്പിച്ചുകൊണ്ടുള്ള റെയിൽ ലൈൻ നിർമ്മിച്ചു നൽകേണ്ടത് അതോറിറ്റിയുടെ (സർക്കാരിന്റെ) ചുമതലയായിട്ടാണ് കരാറിൽ നിഷ്കർഷിച്ചിട്ടുള്ളത്. പദ്ധതിയുടെ Appointed Date ആയ 16.05.2016-ൽ നിന്നുള്ള 6 വർഷത്തിനുള്ളിൽ തുറമുഖത്തേക്കുള്ള റെയിൽ കണക്ടിവിറ്റി ജോലികൾ പൂർത്തീകരിച്ചു നൽകേണ്ടതാണ്. റെയിൽ കണക്ടിവിറ്റിക്കായി കൊങ്കൺ റെയിൽവേ കമ്പനി ലിമിറ്റഡ് (KRCL) മുഖേന തയ്യാറാക്കിയ DPR, Railway യുടെ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുകയാണ്. തുറമുഖത്തെ നാഷണൽ ഹൈവേയുമായി ബന്ധിപ്പിക്കുന്ന റോഡിന്റെ നിർമ്മാണം കരാർ കമ്പനിയുടെ ചുമതലയാണ്. ഇതിനുള്ള ഭൂമി കരാർ കമ്പനിക്ക് കൈമാറിയിട്ടുണ്ട്. തുറമുഖ റോഡ് - NH Bypass -മായി ബന്ധിപ്പിക്കുന്ന Intersection -നായി അദാനി സമർപ്പിച്ച രൂപ രേഖ 2021 ജൂലൈ മാസത്തിൽ NHAI അംഗീകരിക്കുകയുണ്ടായി. ടി രൂപരേഖ പ്രകാരം ഏകദേശം 42 സെൻറ് ഭൂമി കൂടി അധികമായി ഏറ്റെടുക്കേണ്ടതായിട്ടുണ്ട്. ഇതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ